**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5703** **16-03-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റേഷനുകളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് സേനാംഗങ്ങളുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ക്രമസമാധാന പാലനം, കുറ്റാന്വേഷണം എന്നിങ്ങനെ ഡ്യൂട്ടി വേർതിരിച്ച് നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കുമോ; | (എ) | പോലീസ് സേനാംഗങ്ങളുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ക്രമസമാധാനപാലനം, കുറ്റാന്വേഷണം എന്നിങ്ങനെ ജില്ലാ തലത്തിൽ ജില്ലാ പോലീസ് മേധാവിമാർ ഡ്യൂട്ടി വേർതിരിച്ചു നൽകുന്നുണ്ട്. |
| (ബി) | സേനാംഗങ്ങളുടെ ഡ്യൂട്ടിസമയം എട്ടുമണിക്കൂറായി നിജപ്പെടുത്താൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് 51 പോലീസ് സ്റ്റേഷനുകളിൽ സേനാംഗങ്ങളുടെ ഡ്യൂട്ടി 8 മണിക്കൂർ ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ പോലീസ് ഉദ്യോഗസ്ഥരുടെ റാങ്ക് പരിഗണന കൂടാതെ ഡ്യൂട്ടി സമയം ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സിവിൽ പോലീസ് ഓഫീസർമാർ മുതലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് പൊതുജനങ്ങളുമായി ബന്ധപ്പെട്ട് നിർവഹിക്കാവുന്ന ഡ്യൂട്ടികൾ കൃത്യമായി നിർവചിച്ചിട്ടുണ്ടോ; എങ്കിൽ അവ വിശദമാക്കാമോ; | (സി) | സിവിൽ പോലീസ് ഓഫീസർ മുതൽ സ്റ്റേഷൻ ഹൗസ് ഓഫീസർ വരെയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് പൊതു ജനങ്ങളുമായി ബന്ധപ്പെട്ട് നിർവഹിക്കാവുന്ന ഡ്യൂട്ടികൾ നിർവചിക്കുന്നതിനായി ക്രമസമാധാനപാലന എ.ഡി.ജി.പി. ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ജില്ലകളിൽ മേലുദ്യോഗസ്ഥർ തങ്ങളുടെ ദൈനംദിന അവലോകന മീറ്റിംഗിൽ നിർബന്ധമായി പെറ്റികേസ് ചാർജ് ചെയ്യാൻ പ്രത്യേകം നിർദേശം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേസുകളിലെ ഫൈൻ സ്റ്റേഷനുകളിലെ അത്യാവശ്യകാര്യങ്ങൾക്കു പോലും ഉപയോഗിക്കാത്ത പോലീസ് സ്റ്റേഷനുകളിലെ പണമില്ലാത്ത അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; വാഹനങ്ങളുടെ ഇന്ധനം നിറയ്ക്കാൻ കഴിയാത്ത അവസ്ഥയ്ക്ക് എന്ത് പരിഹാരമാണ് നിർദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പെറ്റി കേസുകളിൽ ലഭിക്കുന്ന പിഴ തുക താമസം കൂടാതെ സർക്കാർ അക്കൗണ്ടിലേയ്ക്ക് അടയ്ക്കുകയാണ് ചെയ്തു വരുന്നത്. 25.02.2022 ലെ സർക്കുലർ നമ്പർ ഇ4/411/ 2021/ആഭ്യന്തരം പ്രകാരം എല്ലാ വാഹനങ്ങളുടെയും ഇന്ധന ഉപഭോഗം നിയന്ത്രിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കുടിശ്ശിക തീർപ്പാക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഇ) | പോലീസ് സ്റ്റേഷനുകളിലെ ദൈനംദിന കാര്യങ്ങൾ നടത്തുന്നതിന് വിനിയോഗിക്കുന്നതിനാവശ്യമായ | (ഇ) | പോലീസ് സ്റ്റേഷനുകളിലെ ദൈനംദിന ചിലവുകൾ നടത്തുന്നതിന് Permanent Advance ഇനത്തിൽ |

| | | | |
|---|---|---|---|
| | തുക റിവോൾവിംഗ് ഫണ്ട് സമ്പ്രദായത്തിൽ സ്റ്റേഷനുകൾക്ക് നൽകിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരണം നൽകാമോ; | | ജില്ലയിലെ ഓരോ സബ് ഡിവിഷൻ ഓഫീസുകൾക്കും 10,000/- രൂപ വീതവും, പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന ക്രൈം കേസുകളുടെ അടിസ്ഥാനത്തിൽ A, B, C, D എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നതിനനുസരിച്ച് ജില്ലകളിലെ ഓരോ പോലീസ് സ്റ്റേഷനുകൾക്കും താഴെ പറയുന്ന വിധം ജില്ലാ പോലീസ് മേധാവി മുഖേന തുക അനുവദിച്ചിട്ടുണ്ട്.<br>Class A - Rs. 20,000/-,<br>Class B - Rs. 15,000/-<br>Class C - Rs. 10,000/-,<br>Class D - Rs. 7,500/- |
| (എഫ്) | പോലീസ് സ്റ്റേഷനുകളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ; സ്റ്റേഷൻ ആവശ്യത്തിനുള്ള കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ് , സ്റ്റേഷനറി ഐറ്റംസ് തുടങ്ങിയവ ഇല്ലാത്ത അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; ഓഫീസ് സാധനങ്ങൾ വാങ്ങുന്നതിന് ലോക്കൽ പർച്ചേസ് അനുവദിക്കുമോ; വ്യക്തമാക്കുമോ? | (എഫ്) | പോലീസ് സ്റ്റേഷനുകളിൽ അടിസ്ഥാന സൗകര്യം വികസിപ്പിയ്ക്കുന്നതിന്റെ ഭാഗമായി ഫർണിച്ചർ വാങ്ങുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട പോലീസ് സ്റ്റേഷനുകൾക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകൾക്കായി പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടങ്ങളും നിർമ്മിച്ചു വരുന്നു. സ.ഉ. (സാ) നം. 1545/2022/ആഭ്യന്തരം തീയതി 02.06.2022 പ്രകാരം സംസ്ഥാന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 50 പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ, ഫോട്ടോ കോപ്പിയർ, പ്രിന്റർ, സ്കാനർ, ഇൻവെർട്ടർ, യു.പി.എസ് എന്നിവ വാങ്ങുന്നതിനും smart storage and retrieval system സ്ഥാപിക്കുന്നതിനുമായി 2 കോടി രൂപയുടെയും ഫർണിച്ചറുകളും വാഹനങ്ങളും വാങ്ങുന്നതിനായി 2,15,51,012/- രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഓഫീസ് സാധനങ്ങൾ വാങ്ങുന്നതിന് ലോക്കൽ പർച്ചേസ് അനുവദിക്കുന്നത് അതാത് ജില്ലാ പോലീസ് മേധാവിമാരുടെ സാമ്പത്തികാധികാര പരിധി അനുസരിച്ചാണ്. |

സെക്ഷൻ ഓഫീസർ